പ്രസ് റിലീസ് 27-02-2020

**ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ഓഫീസ്**

## സംസ്ഥാന കായകൽപ്പ് അവാർഡ് പ്രഖ്യാപിച്ചു

തിരുവനന്തപുരം: കഴിഞ്ഞ വർഷത്തെ സംസ്ഥാന കായകൽപ്പ് അവാർഡ് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ പ്രഖ്യാപിച്ചു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം പരിപാലനം, അണുബാധ നിയന്ത്രണം എന്നിവ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച അവാർഡാണ് കായകൽപ്പ്. കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പി.എച്ച്.സി.) സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (സി.എച്ച്.സി), താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവയിൽ നിന്ന് തെരഞ്ഞെടുക്കുന്ന മികച്ച ആശുപത്രികൾക്കാണ് കായകൽപ്പ് അവാർഡ് നൽകുന്നത്. ആശുപത്രികളിൽ ജില്ലാതല പരിശോധനയും പിന്നീട് സംസ്ഥാനതല പരിശോധനയും നടത്തി അവാർഡ് നിയന്ത്രണ കമ്മറ്റിയിലൂടെയാണ് ഏറ്റവും മികച്ച ആശുപത്രികളെ തെരഞ്ഞെടുത്തിരിക്കുന്നത്.

ജില്ലാതല ആശുപത്രികളിൽ 91.92 ശതമാനം മാർക്ക് നേടി ഡബ്ല്യൂ ആന്റ് സി ആശുപത്രി പൊന്നാനി, മലപ്പുറം ഒന്നാം സ്ഥാനമായ 50 ലക്ഷം രൂപ കരസ്ഥമാക്കി. ജില്ലാ തലത്തിൽ 85.4 ശതമാനം മാർക്കോടെ രണ്ടാം സ്ഥാനമായ 20 ലക്ഷം രൂപ ജനറൽ ആശുപത്രി കോഴിക്കോടും കരസ്ഥമാക്കി. ജില്ലാതലത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 5 ആശുപത്രികൾക്ക് 3 ലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡ് ലഭിക്കുന്നതാണ്. ജി.എച്ച്. എറണാകുളം (എറണാകുളം 84 ശതമാനം), ഡബ്ല്യൂ ആന്റ് സി ഹോസ്പിറ്റൽ മങ്ങാട്ടുപറമ്പ് (കണ്ണൂർ 81.1 ശതമാനം), ഡി.എച്ച്.തിരൂർ (മലപ്പുറം 79.35 ശതമാനം), ജി.എച്ച് ഇരിങ്ങാലക്കുട (തൃശൂർ 78.87 ശതമാനം), ഡബ്ല്യൂ ആന്റ് സി ഹോസ്പിറ്റൽ (ആലപ്പുഴ 77.04 ശതമാനം) എന്നിവയാണ് ജില്ലാ തലത്തിൽ അവാർഡിനർഹമായ ആശുപത്രികൾ

സബ് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനമായ 15 ലക്ഷം രൂപയ്ക്ക് താലൂക്ക് ആശുപത്രി പയ്യന്നൂർ (കണ്ണൂർ 97.3 ശതമാനം) അർഹത നേടി. രണ്ടാം സ്ഥാനമായ 10 ലക്ഷം രൂപ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കൊടുങ്ങല്ലൂർ (തൃശൂർ 95.08ശതമാനം), താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്

ആശുപത്രി താമരശ്ശേരി (കോഴിക്കോട് 95.08 ശതമാനം) എന്നിവ പങ്കുവെച്ചു. അതോടൊപ്പം തന്നെ സബ് ജില്ലാതലത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 5 ആശുപത്രികൾക്ക് 1 ലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡ് തുക ലഭിക്കുന്നതാണ്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ കരുനാഗപ്പള്ളി (കൊല്ലം 92.5 ശതമാനം), താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ ഹരിപ്പാട് (ആലപ്പുഴ 86.8 ശതമാനം), താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ പൊന്നാനി (മലപ്പുറം 85.3 ശതമാനം), താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ കൊയിലാണ്ടി (കോഴിക്കോട് 85.2ശതമാനം), താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ പാമ്പാടി (കോട്ടയം 72.5ശതമാനം) എന്നീ ആശുപത്രികൾ സബ് ജില്ലാ തലത്തിൽ അവാർഡിനർഹരായി.

അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗങ്ങളെ 3 ക്ലസ്റ്റർ ആയി തിരിച്ചാണ് അവാർഡ് നൽകിയത്. അതിൽ ഫസ്റ്റ് ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വേലൂർ (കോട്ടയം 78.3 ശതമാനം) 2 ലക്ഷം രൂപ കരസ്ഥമാക്കി. രണ്ടാം സ്ഥാനമായ 1.5 ലക്ഷം രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ പെരുന്ന (കോട്ടയം 77.9 ശതമാനം) കരസ്ഥമാക്കി. സെക്കന്റ് ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ ആനപ്പുഴ (തൃശൂർ 80 ശതമാനം) 2 ലക്ഷം രൂപ കരസ്ഥമാക്കി. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മൂലംകുഴി (എറണാകുളം 75.01 ശതമാനം) 1.5 ലക്ഷം രൂപ കരസ്ഥമാക്കി. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ കാച്ചേരി (തൃശൂർ 70.8 ശതമാനം) മൂന്നാം സമ്മാനമായ 1 ലക്ഷം രൂപ കരസ്ഥമാക്കി. തേർഡ് ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ കല്ലുനിറ (കോഴിക്കോട് 81.7 ശതമാനം) ഒന്നാം സ്ഥാനമായ 2 ലക്ഷം രൂപ കരസ്ഥമാക്കി. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ നിലമ്പൂർ (മലപ്പുറം 79.2 ശതമാനം) രണ്ടാം സമ്മാനം കരസ്ഥമാക്കി. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മംഗലശ്ശേരി (മലപ്പുറം 72.5 ശതമാനം) മാർക്കോടെ മൂന്നാം സമ്മാനം കരസ്ഥമാക്കി.

പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ എല്ലാ ജില്ലകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 2 ലക്ഷം രൂപ വീതവും ജില്ലയിൽ തന്നെ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ച രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 50,000 രൂപ വീതവും അവാർഡ് തുക ലഭിക്കുന്നതാണ്. എഫ്.എച്ച്.സി. കരകുളം (തിരുവനന്തപുരം), എഫ്.എച്ച്.സി. എളമ്പല്ലൂർ (കൊല്ലം), പി.എച്ച്.സി. പുന്നപ്ര നോർത്ത് (ആലപ്പുഴ), എഫ്.എച്ച്.സി. ചെന്നീർക്കര (പത്തനംതിട്ട), എഫ്.എച്ച്.സി. വെള്ളിയന്നൂർ (കോട്ടയം),

എഫ്.എച്ച്.സി. കുമാരമംഗലം (ഇടുക്കി), പി.എച്ച്.സി. മനീട് (എറണാകുളം), പി.എച്ച്.സി. വെറ്റിലപ്പാറ (തൃശൂർ), എഫ്.എച്ച്.സി. കല്ലടിക്കോട് (പാലക്കാട്), എഫ്.എച്ച്.സി. കോട്ടയ്ക്കൽ (മലപ്പുറം), എഫ്.എച്ച്.സി. രാമനാട്ടുകര (കോഴിക്കോട്), എഫ്.എച്ച്.സി. പൂത്താടി (വയനാട്) എഫ്.എച്ച്.സി. കതിരൂർ (കണ്ണൂർ), എഫ്.എച്ച്.സി. കരിന്തളം (കാസർഗോഡ്) എന്നിവയാണ് പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയവർ.

**AWARD FOR PHC (DISTRICT WISE)**

| SL.NO | DISTRICT | INSTITUTION | PRIZE | DISTRICT ASSESSMENT Score(%) |
|---|---|---|---|---|
| 1 | THIRUVANANTHAPURAM | FHC Karakulam | 2 Lakh | **78.6** |
| 2 | KOLLAM | FHC Elampalloor | 2 Lakh | **95.8** |
| 3 | ALAPPUZHA | PHC Punnapra North | 2 Lakh | **92** |
| 4 | PATHANAMTHITTA | FHC Chennerkkara | 2 Lakh | **80.6** |
| 5 | KOTTAYAM | FHC Veliyanoor | 2 Lakh | **97.2** |
| 6 | IDUKKI | FHC Kumaramangalam | 2 Lakh | **94.6** |
| 7 | ERNAKULAM | PHC Manneed | 2 Lakh | **92.5** |
| 8 | THRISSUR | PHC Vettilappara | 2 Lakh | **92.5** |
| 9 | PALAKKAD | FHC Kalladikode | 2 Lakh | **84** |
| 10 | MALAPPURAM | FHC Kottakkal | 2 Lakh | **94.6** |
| 11 | KOZHIKODE | FHC Ramanatukkara | 2 Lakh | **98.5** |
| 12 | WAYANAD | FHC Poothady | 2 Lakh | **92.1** |
| 13 | KANNUR | FHC Kadirur | 2 Lakh | **98** |
| 14 | KASARAGOD | FHC Karinthalam | 2 Lakh | **97** |